<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1004</u> <u>11-02-2025 - ൽ മറുപടിയ്ക്ക്</u>

<u>അരുവിക്കര ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ? | (എ) | തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്ന അരുവിക്കര ഡാമിൽ മണ്ണും, മണലും അടിഞ്ഞു കൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായി ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ ഡിസിൽറ്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേ പ്രവൃത്തികൾ കെ.ഐ.ഐ.ഡി.സി. പൂർത്തീകരിക്കുകയും, വിശദമായ ഡി.പി.ആർ തയ്യാറാക്കുകയും, പദ്ധതി ടെൻഡർ ചെയ്യുകയും ചെയ്തു. ടേൺ കീ അടിസ്ഥാനത്തിലാണ് ഡിസിൽറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നത്. എസ്റ്റിമേറ്റ് തുകയെക്കാൾ 17.52% അധികം ക്വോട്ട് ചെയ്ത കമ്പനിയ്ക്ക് സെലക്ഷൻ നോട്ടീസ് നൽകി ₹13.88 കോടി രൂപയുടെ കരാർ നൽകി. കരാർ പ്രകാരം 12 മാസം കൊണ്ട് ഡിസിൽറ്റേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കണമെന്നാണ് വ്യവസ്ഥ.<br><br>പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 10,24,586 ക്യൂബിക് മീറ്റർ ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹13.88 കോടി രൂപയുടെ വരുമാനവും, ഡാമിൽ ഏകദേശം 1 മില്യൺ ക്യൂബിക് മീറ്റർ അധിക ജലസംഭരണശേഷിയും ഉറപ്പാക്കാനും സാധിക്കും. അതുവഴി തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള - ജലസേചന ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെടാനും സഹായകമാകും. നിലവിൽ കരാർ കമ്പനി സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ച്, ഡിസിൽറ്റേഷൻ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ